**15 -ാം കേരള നിയമസഭ**

**16 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 1664** **04-02-2026 - ൽ മറുപടിയ്ക്ക്**

**കേരള ഗ്രോ ബ്രാൻഡഡ് ഉൽപന്നങ്ങൾ**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. അഹമ്മദ് ദേവർകോവിൽ | | ശ്രീ. പി. പ്രസാദ്<br>(കൃഷി വകുപ്പ് മന്ത്രി) | |
| (എ) | കേരള ഗ്രോ ബ്രാൻഡഡ് ഉൽപന്നങ്ങളുടെ വിപണനം കാർഷിക മേഖലയിൽ ഉണ്ടാക്കിയ മുന്നേറ്റം വിലയിരുത്തിയിട്ടുണ്ടോ; വിശദമാക്കാമോ; | (എ) | ഉണ്ട്. കേരളഗ്രോ ബ്രാൻഡിംഗ് വഴി കർഷകരുടെയും കർഷകക്കൂട്ടായ്മകളുടെയും മൂല്യവർധിത ഉത്പന്നങ്ങൾക്ക് ഏകീകൃത ബ്രാൻഡും വിപണിയും ലഭിച്ചു. ആയിരത്തിലധികം ഉത്പന്നങ്ങൾ കേരളഗ്രോ ബ്രാൻഡിൽ വിപണനം ചെയ്യുന്നു. 15 കേരളഗ്രോ ഷോപ്പുകൾ, 14 റീട്ടെയിൽ ഔട്ട് ലെറ്റുകൾ, ഓൺലൈൻ പ്ലാറ്റ് ഫോമുകൾ എന്നിവയിലൂടെ വിപണനം നടത്തുന്നതിന് സൗകര്യം ഒരുക്കിയിട്ടുണ്ട്. കേരളഗ്രോ ബ്രാൻഡിംഗിലൂടെ കർഷകർക്ക് തങ്ങളുടെ ഉത്പന്നങ്ങളെ പൊതുവിപണിയിൽ കോർപ്പറേറ്റ് ഉത്പന്നങ്ങളുമായി മത്സരിച്ച് വിപണനം ചെയ്യാൻ സാധിക്കുന്നു. |
| (ബി) | ഈ ബ്രാൻഡിംഗിന്റെ ഗുണഫലങ്ങൾ കർഷകർക്ക് നേരിട്ട് ലഭ്യമാക്കുന്നതിന് സ്വീകരിച്ച നടപടികൾ വിശദമാക്കാമോ; | (ബി) | കർഷകർക്കും കർഷകക്കൂട്ടായ്മകൾക്കും കൃഷിഭവൻ മുഖേന അപേക്ഷ നൽകി കേരളഗ്രോ ബ്രാൻഡ് ലഭ്യമാക്കുന്ന സംവിധാനം നടപ്പാക്കി. ഇക്കോ ഷോപ്പുകൾ, ക്ലസ്റ്ററുകൾ, ആഴ്ച ചന്തകൾ, കാർഷിക മൊത്തവ്യാപാര വിപണികൾ മുഖേനയും, കേരളാഗ്രോ ബ്രാൻഡഡ് ഓൺ ലൈൻ പ്ലാറ്റ്ഫോമുകൾ എന്നിവ വഴി ഉത്പന്നങ്ങൾക്ക് വിപണി ഒരുക്കി വരുമാനം വർധിപ്പിച്ചു. |
| (സി) | പ്രാദേശിക ഉൽപാദകരുടെ ഉൽപന്നങ്ങൾ കൂടുതൽ വിറ്റു പോകുന്നതിന് നടപടികൾ സ്വീകരിച്ചിട്ടുണ്ടോ; വിശദമാക്കാമോ? | (സി) | ഉണ്ട്. 14 ജില്ലകളിലായി 15 കേരളഗ്രോ ബ്രാൻഡഡ് ഷോപ്പുകൾ, 14 പ്രീമിയം റീറ്റെയിൽ ഔട്ട് ലെറ്റുകൾ, മില്ലറ്റ് കഫേകൾ, ഇക്കോ ഷോപ്പുകൾ, ക്ലസ്റ്ററുകൾ, ആഴ്ച ചന്തകൾ, ഓൺ ലൈൻ പ്ലാറ്റ്ഫോമുകൾ എന്നിവ വഴി പ്രാദേശിക ഉത്പന്നങ്ങളുടെ വിപണനം ശക്തമാക്കി. സിവിൽ സപ്ലൈസ് സ്റ്റോറുകൾ വഴി വിപണന സാധ്യതകളും സർക്കാർ പരിശോധിച്ചുവരുന്നു. |

സെക്ഷൻ ഓഫീസർ